പത്രക്കുറിപ്പ്
13-01-2018

# ദേശീയ നഗര ഉപജീവന ദൗത്യം: അരുണാചൽ പ്രദേശിൽ ഉദ്യോഗസ്ഥർക്ക് കുടുംബശ്രീ ദ്വിദിന പരിശീലനം സംഘടിപ്പിച്ചു

തിരുവനന്തപുരം: നഗര പ്രദേശങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് 2013 മുതൽ കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യം (എൻയുഎൽഎം) വിജയകരമായി പ്രാവർത്തികമാക്കുന്നതിന് അരുണാചൽ പ്രദേശിൽ ഉദ്യോഗസ്ഥർക്ക് കുടുംബശ്രീ ദ്വിദിന പരിശീലനം നൽകി. കേരളത്തിൽ പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കുന്ന ഈ പദ്ധതി ചില സംസ്ഥാനങ്ങളിൽ പ്രാരംഭ ഘട്ടത്തിലാണ്. പ്രത്യേകിച്ചും അരുണാചൽ പ്രദേശ് ഉൾപ്പെടെയുള്ള വടക്ക് കിഴക്കൻ മലയോര സംസ്ഥാനങ്ങളിൽ. കേരളത്തിൽ മികച്ച രീതിയിൽ പദ്ധതി നിർവ്വഹണവുമായി മുന്നോട്ട് പോകുന്ന കുടുംബശ്രീയെ ഈ സംസ്ഥാനങ്ങളിൽ പദ്ധതി ഊർജ്ജിതമാക്കാനുള്ള സഹായമേകാൻ കേന്ദ്ര ഗവൺമെന്റ് നിയോഗിക്കുകയായിരുന്നു. ഇതിന്റെ ഭാഗമായാണ് അരുണാചൽ പ്രദേശ് സർക്കാരുമായുള്ള ധാരണ പ്രകാരം പരിശീലനം നൽകാൻ കുടുംബശ്രീ തയാറായത്. പരിശീലനത്തിന്റെ ഉദ്ഘാടനം 11-01-2018ൽ അരുണാചൽ പ്രദേശ് നഗരകാര്യ ഡയറക്ടർ ടബ ടെഡ്യാർ നിർവ്വഹിച്ചു.

13 ലക്ഷം ജനസംഖ്യയുള്ള അരുണാചൽ പ്രദേശിൽ 23 ശതമാനവും നഗരങ്ങളിലാണ് വസിക്കുന്നത്. ഇറ്റാനഗർ, പാസിഗട്ട് എന്നീ മുനിസിപ്പാലിറ്റികളാണ് അരുണാചൽ പ്രദേശിലുള്ളത്. ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയായിട്ടുള്ള ഡിസ്ട്രിക്ട് അർബൻ ഡെവലപ്പ്മെന്റ് അതോറിറ്റി (ഡുഡ)യാണ് മറ്റ് നഗരങ്ങളുടെ ഭരണം നടത്തുന്നത്. ഇറ്റാനഗർ, പാസിഗട്ട് എന്നീ മുനിസിപ്പാലിറ്റികളിലെയും ഡുഡയിലെയും മുതിർന്ന ഉദ്യോഗസ്ഥർ, എഞ്ചിനീയർമാർ, കമ്മ്യൂണിറ്റി ഓർഗനൈസേഴ്സ് അരുണാചൽ പ്രദേശിലെ നഗരകാര്യ ഡയറക്ടറേറ്റിലെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ 43പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ബിനു ഫ്രാൻസിസ് ഉൾപ്പെടെ മൂന്നംഗ സംഘം പരിശീലനം നയിച്ചു.

ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതി കുടുംബശ്രീ വിജയകരമായി നടത്തുന്നത് കണ്ടറിയാൻ അരുണാചൽ പ്രദേശിൽ നിന്ന് ഉടൻ തന്നെ ഒരു സംഘം കേരളത്തിൽ പഠന സന്ദർശനം നടത്തും. 80 ശതമാനം ഭൂപ്രദേശവും വനമേഖലയായ അരുണാചൽ പ്രദേശിൽ ജനസാന്ദ്രത കുറവാണ്. ജനസംഖ്യയിൽ മൂന്നിൽ രണ്ടും ആദിവാസികളും. ഇവിടെ നഗരദരിദ്രർ ആരൊക്കെയെന്ന് വ്യക്ത മായി വേർതിരിക്കാത്തത് പദ്ധതി നിർവ്വഹണത്തിന് തടസ്സമാകുന്നു. എന്നാൽ തെരുവുകച്ചവടക്കാരും നഗരദരിദ്രരും ഏറെയുള്ളതിനാൽ തന്നെ പദ്ധതി ഇവിടെ വിജയകരമായി നടപ്പാക്കേണ്ടത് അത്യാവശ്യവുമാണ്. പരിശീലനം വഴി പദ്ധതി ഊർജ്ജിതമാക്കാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ